പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം .746 | 15.07.2014 ൽ മറുപടിക്ക്

**അടിസ്ഥാന വിവര ശേഖരങ്ങൾ സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീ. എം.എ ബേബി**<br>**ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ.ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സുപ്രധാനമായ രഹസ്യ വിവരശേഖരങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകളിൽ കടന്നുകയറാൻ സ്വകാര്യ കമ്പനിയെ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ആധാർ സംബന്ധിച്ച വിവരങ്ങൾ സ്വകാര്യ കമ്പനിക്ക് നൽകിയെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആധാർ കാർഡും വോട്ടർ പട്ടികയും തയ്യാറാക്കാൻ ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജിസ് എന്ന ഒരു സ്വകാര്യ കമ്പനിക്ക് സർക്കാർ കൈമാറിയത് ഏത് തലത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (ബി) ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ ഓസ്പിയൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക കൈമാറിയിട്ടില്ല. |
| (സി) ഈ കമ്പനിയെ ഇതിനകം എന്തെല്ലാം നിലയിലുള്ള ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്; ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; കമ്പനിയെ കണ്ടെത്തിയത് ടെണ്ടറിലൂടെയാണോ ; | (സി) ഓസ്പിയൻ ടെക്നോളജിസുമായി ചേർന്നാണ് സെക്രട്ടേറിയറ്റിൽ ഡി.ഡി.എഫ്.എസ് സംവിധാനം കെൽട്രോൺ നടപ്പിലാക്കിയത്. സെക്രട്ടറിയേറ്റിൽ ഇപ്പോൾ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖാന്തിരമാണ്. |
| (ഡി) ജനങ്ങളുടെ അടിസ്ഥാന വിവര ശേഖരങ്ങളുടെ സൂക്ഷിപ്പ് സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കാതെ സർക്കാർ നിയന്ത്രണത്തിൽ തന്നെ കൊണ്ടുവരാൻ തയ്യാറാകുമോ ? | (ഡി) ആധാർ വിവരശേഖരണത്തിനായി അഖിലേന്ത്യ തലത്തിൽ യു.ഐ.ഡി.എ.ഐ നൽകിയ സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത്. വിവരങ്ങൾ വിവര ശേഖരണ സമയത്തു തന്നെ എൻക്രിപ്റ്റ് ചെയ്താണ് ലഭിക്കുന്നത്. ഇത് ഡിക്രിപ്റ്റ് ചെയ്യുന്നതിന് പ്രത്യേക കീയും പാസ് വേഡും നൽകി സംരക്ഷണം ചെയ്തിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ആർക്കും ലഭ്യമാകാത്ത വിധത്തിൽ സർക്കാരിന്റെ ഡാറ്റാ സെന്ററിലാണ് സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**